**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **22-07-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി - ഊരംകുഴി റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി – ഊരംകുഴി റോഡിന്റെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. ടി റോഡിന്റെ പ്ലാമുടി മുതൽ ഇരുമലപ്പടി വരെയുള്ള 300 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ബി.എം. പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | 16.6 കി.മീ. ദൂരമുള്ള പ്രസ്തുത റോഡിൽ എത്ര ദൂരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ 0/000 ചെയിനേജ് മുതൽ 10/680 വരെയുള്ള ഭാഗങ്ങളിലെ ബി.എം., ഓടകൾ, കലുങ്കുകൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത റോഡിൽ നെല്ലിക്കുഴി മുതൽ ഊരംകുഴി വരെ യാതൊരു പ്രവൃത്തിയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | നെല്ലിക്കുഴി മുതൽ ഊരംകുഴി വരെയുള്ള ഭാഗങ്ങളിൽ കിഫ്ബി മാനദണ്ഡം അനുസരിച്ചുള്ള വീതി ഇല്ലാത്തതിനാലും നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുവാനുള്ള സ്ഥലം ഇല്ലാത്തതിനാലുമാണ് പ്രവർത്തി ആരംഭിക്കുവാൻ കഴിയാത്തത്. മാർഗ്ഗരേഖയിൽ നിഷ്കർച്ചിട്ടുള്ള വീതിയിൽ സ്ഥലം ഏറ്റെടുത്താൽ മാത്രമേ റോഡിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു |
| (ഡി) | പ്രസ്തുത റോഡ് നിലവിലുള്ള വീതിയിൽ തന്നെ കിഫ്ബിയിൽ നിലനിർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | കിഫ്ബി മാനദണ്ഡം അനുസരിച്ചുള്ള വീതിയും ഗുണമേൻമ മറ്റു സൗകര്യങ്ങൾ ഉള്ളതായ റോഡുകളാണ് കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്നത് അതിൽ നിന്നും വ്യതിചലിക്കാൻ നിർവാഹമില്ല. |
| (ഇ) | അല്ലാത്തപക്ഷം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരണത്തിനു വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ഇ) | സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനം എടുക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. |

സെക്ഷൻ ഓഫീസർ